"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മീനച്ചിൽ വില്ലേജിൽ ഗാഡലുപ്പ ഇടവക പള്ളി സ്ഥിതി ചെയ്യുന്ന റീസർവ്വെ 7 ൽ പെട്ട 0.74 ച.മീറ്റർ ഭൂമി കമ്പോളവില ഈടാക്കി പതിച്ച് നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.152/2026/RD    തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. റവ. സെബാസ്റ്റ്യൻ തെക്കതെചേരിൽ സമർപ്പിച്ച 12/12/2019-ലെ അപേക്ഷ.
2. സ.ഉ(കൈ) 40/2020/റവ തീയതി 29/01/2020
3. സ.ഉ(കൈ)നം.240/2025/RD തീയതി 09.08.2025.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 08-12-2025 ലെ LR/4315/2025-LR(J5) നമ്പർ കത്ത്.
5. സ.ഉ(കൈ)നം.38/2026/RD തീയതി 27/01/2026.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മീനച്ചിൽ വില്ലേജിൽ ബ്ളോക്ക് നം. 159 ൽ സർവ്വേ നം. 5, 18 എന്നീ സ്ഥലത്തിന്റെ നടുവിലായി കാണുന്ന 2 സെന്റ് ഭൂമി വിജയപുരം രൂപതയുടെ കീഴിലുള്ള പള്ളിയുടെ സുഗമമായ പ്രവർത്തനത്തിനായി ക്രമവൽക്കരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് റവ. സെബാസ്റ്റ്യൻ തെക്കതെചേരിൽ പരാമർശം(1) അപേക്ഷ സമർപ്പിച്ചിരുന്നു.

2) ആരാധനാലയങ്ങളും ശ്മശാനങ്ങളും മതിയായ രേഖകളില്ലാതെ കൈവശം വച്ച് വരുന്ന ഭൂമി പതിച്ച് നൽകുന്നത് സംബന്ധിച്ച, 29.01.2020 ലെ സ.ഉ.(കൈ) നം.40/2020/റവ പ്രകാരം പ്രസ്തുത ഭൂമി പതിച്ച് നൽകാവുന്നതാണെന്നാണ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ പ്രസ്തുത ഉത്തരവ് റദ്ദായ സാഹചര്യത്തിൽ നിലവിലെ ഉത്തരവായ സ.ഉ.(കൈ) നം.240/2025/ആർഡി പ്രകാരം ഈ വിഷയം പരിശോധിച്ചതിൽ ആരാധനാലയങ്ങൾ പതിച്ച് നൽകുന്നത് സംബന്ധിച്ച നിബന്ധനകളിൽ-

(എ) അവ ഇപ്പോഴും പ്രവർത്തിയ്ക്കുന്നവ ആയിരിയ്ക്കണം

(സി) പതിച്ചു നൽകാവുന്ന പരമാവധി ഭൂമി ഒരേക്കർ ആയിരിയ്ക്കണം

എന്നിവ ഈ വിഷയത്തിൽ പാലിയ്ക്കുന്നുണ്ട് എന്നും എന്നാൽ ഓർ ലേഡി ഓഫ് ഗാഡലൂപ്പ പള്ളി ഇടവക 2006 മെയ് മാസത്തിൽ സ്ഥാപിച്ചിട്ടുള്ളതെന്നാണ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നും ആയതിനാൽ നിബന്ധന (ബി) - പ്രസ്തുത ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ 1990 ജനുവരി 1 ന് മുൻപ് നിലവിൽ ഉള്ളവ ആയിരിയ്ക്കണം - പാലിക്കുന്നതായി കാണുന്നില്ല എന്നും ടി സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മീനച്ചിൽ വില്ലേജിൽ ഗാഡലൂപ്പ ഇടവക പള്ളി സ്ഥിതി ചെയ്യുന്ന റീസർവ്വെ 7 ൽ പെട്ട 0.74 ച. മീറ്റർ സ്ഥലം പതിച്ചു നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നല്കുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം(2) ഉത്തരവ് റദ്ദു ചെയ്തുകൊണ്ടും പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവ് ഭേദഗതി വരുത്തി പരാമർശം(5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4) പരാമർശം(3) ഉത്തരവിലെ നിബന്ധനയിൽ "പ്രസ്തുത ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ 1990 ജനുവരി 1 ന് മുൻപ് നിലവിൽ ഉള്ളവ ആയിരിയ്ക്കണം" എന്നത് പരാമർശം(5) ഉത്തരവ് പ്രകാരം "25/08/2008 ന് മുമ്പ് നിലവിലുള്ളവയായിരിക്കണം" എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ 01/01/2000-ന് ശേഷവും 25/08/2008 ന് മുമ്പും നിലവിൽ വന്ന ആരാധനാലയം ആകയാൽ പ്രസ്തുത ഉത്തരവ് പ്രകാരം കമ്പോള വില ഈടാക്കി പതിച്ചു നൽകാവുന്നതാണ്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നല്കുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് റദ്ദു ചെയ്തുകൊണ്ടും പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവ്, പരാമർശം (5) ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം, കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മീനച്ചിൽ വില്ലേജിൽ ഗാഡലൂപ്പ ഇടവക പള്ളി സ്ഥിതി ചെയ്യുന്ന റീസർവ്വെ 7 ൽ പെട്ട 0.74 ച.മീറ്റർ ഭൂമി കമ്പോളവില ഈടാക്കി പതിച്ച് നല്കുന്നതിന് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

6) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ കോട്ടയം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
തഹസിൽദാർ, മീനച്ചിൽ താലൂക്ക്, കോട്ടയം
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Kumari Sindhu S**
**Date: 15-03-2026 15:04:26**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
റവന്യു വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്